അനുഭവം

# രണ്ട് കാർഷികാനുഭവങ്ങൾ

**2. ആത്മക്ഷതമേൽപ്പിക്കുന്ന നെൽവയലുകൾ**

**എന്തുകൊണ്ട് കർഷകർ കൃഷി നിർത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നു ? മണ്ണിനോടുള്ള സ്നേഹം കൊണ്ട് കൃഷിചെയ്യാനിറങ്ങിയപ്പോൾ ഉണ്ടായ ദുരനുഭവങ്ങൾ പങ്കുവയ്ക്കുന്നു സതീഷ്**

# ഈ സന്തോഷം കൊണ്ട് മാത്രം എത്ര വിളവെടുക്കാൻ കഴിയും?

**നെൽക്കതിരുകൾ** വിളഞ്ഞ പാലക്കാടൻ പാടങ്ങളിൽ കൊയ്ത്തു യന്ത്രങ്ങളുടെ ആരവങ്ങൾ വീണ്ടും കേട്ടു തുടങ്ങിയിട്ട് കുറച്ചു നാളുകളായി. കന്നിക്കൊയ്ത്തു കാലത്ത് പാലക്കാട്ടെ കർഷകർ എല്ലാം ഒരു കണ്ണ് കാറിലും മറുകണ്ണ് കതിരിലുമായി ഒരേ സമയം ഉത്സാഹത്തോടും ഉത്കണ്ഠയോടും കൂടി ഇരിക്കുന്ന സമയമാണ്. ഒരു മഴ മതി വിളഞ്ഞ് നെല്ല് നിലം പരിശാവാൻ. സ്വാധീനവും ധനവും എല്ലാം വീണുമുളയ്ക്കാൻ ഒരു രാത്രിയോ പകലോ ധാരാളമാവും പലപ്പോഴും.

എന്റെ പാടത്തും കതിരുകൾ വളഞ്ഞു. ഇനി നാലുനാൾ കൂടി കഴിഞ്ഞാൽ മണികൾ കൊഴിഞ്ഞു തുടങ്ങും. ജ്യോതിയാണ് വിത്ത്. മണികൊഴിഞ്ഞ് വിളവു പകുതിയാവാൻ എളുപ്പം. പാടത്ത് ചേറും വെള്ളവുമുണ്ട്, മാനത്ത് കാറും. ആളുകൊയ്യുന്നത് ചിലപ്പോൾ അപ്രായോഗികമാവും. യന്ത്രം കിട്ടണം കൊയ്യാൻ യന്ത്രങ്ങൾക്കുള്ള അന്വേഷണം തുടങ്ങി. അധികമൊന്നും ചെയ്യാതെ (പണം വളരെയധികം ചിലവായെങ്കിലും) ഭേദപ്പെട്ട വിളവുണ്ടായതിന്റെ സമാധാനവും സന്തോഷവും സാവധാനത്തിൽ സമയത്തിനു കൊയ്യാൻ കഴിയുമോ എന്ന ആശങ്കയായി മാറി. കൊയ്ത്തിന്റെ സങ്കീർണ്ണതകൾ ചുരുളഴിഞ്ഞു തുടങ്ങി.

നിങ്ങളുടെ പാടം വളരെ ചെറുതാണ്. അതുകൊണ്ട് എല്ലായിടത്തേയും കൊയ്ത്തു കഴിഞ്ഞ് യന്ത്രം തിരിച്ചു പോകുന്നതിനു മുൻപു വരാം.നിങ്ങൾ ഞങ്ങളുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കൂ ഞങ്ങൾക്കിത് നഷ്ടമാണ്, വണ്ടി ഇത്രയും ദൂരം വരേണ്ടേ...എന്നിങ്ങനെ കാരണങ്ങൾ വന്നുകൊണ്ടേയിരുന്നു. നാലു ദിവസം കൂടി കഴിഞ്ഞാൽ വൈക്കോൽ കൊയ്തെടുക്കുന്നതു പോലെയാവും.

ഒടുവിൽ ഒരു യന്ത്ര ദല്ലാൾ സ്ഥലം കാണാൻ വന്നു. ഇടതു യുവ സംഘടനയുടെ നേതാവായ ചെറുപ്പക്കാരൻ. രണ്ടായിരം ചിലവു വരുന്നിടത്ത് നാലായിരം ചോദിച്ചു. ചൂഷണം ചെയ്യപ്പെടുന്ന ചൂഷിതന്റെ വേദന തീവ്രമായി അനുഭവിച്ചെങ്കിലും വിളഞ്ഞ പാടത്തേയ്ക്ക് നോക്കിയപ്പോൾ അറിയാതെ സമ്മതം മൂളി. എന്നിട്ടും പല കാരണങ്ങൾ നിരത്തി ദല്ലാൾ ഒഴിഞ്ഞു മാറി. വിഷമില്ലാത്ത ഭക്ഷണം വിളയിച്ച കർഷകന്റെ ആത്മാഭിമാനം വലിച്ചെറിഞ്ഞ്  അടുത്ത ദല്ലാളുടെ അടുത്തേയ്ക്ക്... അങ്ങിനെ നടന്നു നടന്ന് ഒടുവിൽ ഒരു യന്ത്രം ഒത്തുകിട്ടി. നെല്ല് അറയിലെത്തി. നല്ല വരുമാനമുള്ള തൊഴിലുക്ഷേിച്ച് മണ്ണിനോടും പ്രകൃതിയോടുമുള്ള സ്നേഹം കൊണ്ടു ജീവിതത്തിൽ അർത്ഥപൂർണ്ണമായതെന്തെങ്കിലും ചെയ്യണമെന്ന മോഹം കൊണ്ടു കൃഷിയിലേക്കുവന്ന ഒരാൾക്ക്, ആത്മക്ഷതമേൽപ്പിക്കുന്ന ഇത്തരം നവ്യാനുഭവങ്ങൾ ക്കൊടുവിൽ ഇതെല്ലാം എന്തിനായിരുന്നു എന്ന് ഒരിക്കലെങ്കിലും തോന്നിയെങ്കിൽ അത് ഒരു വലിയ തെറ്റായിരിക്കുമോ? ജൈവകൃഷിയായാലും രാസകൃഷിയായാലും ഇതെല്ലാം എന്റെ മാത്രം സ്ഥിതിയല്ലല്ലോ എന്ന് മനസിലാക്കുന്നതോടെയാണ് ഒരുഭാ



ഗത്ത് ഒത്തിരി സമാധാനവും മറ്റൊരു ഭാഗത്ത് വഞ്ചിക്കപ്പെട്ട ഒരു സമൂഹത്തിലെ ഒരംഗത്തിന്റെ തീവ്രമായ രോഷവും പ്രതിഷേധവുമെല്ലാം പൊട്ടിപ്പുറപ്പെടുന്നത്.

അധമമായ ഒരു പ്രക്രിയയായി കൃഷിമാറിയിരിക്കുന്നു. പ്രത്യേകിച്ചും ഭക്ഷ്യോൽപന്നങ്ങളുടെ കൃഷി. കർഷകൻ മനുഷ്യരിൽ ഏറ്റവും അധമനായി. ചരിത്രത്തിന്റെ ആവർത്തനമായി അധമൻ എന്നും ചൂഷണം ചെയ്യപ്പെടുന്നു. ഭക്ഷ്യോൽപന്നങ്ങളുടെ ഉൽപാദകനായ കർഷകന് ഒരു കർഷകനായിത്തന്നെ നിലനിൽക്കുക എന്നത് ഏറെക്കുറെ അസാധ്യമായിരിക്കുന്നു. യുവാവോ യുവതിയോ ആയ ഒരു കൃഷിക്കാരനോ കൃഷിക്കാരിക്കോ അവന്റെയോ അവളുടെയോ വിവാഹം, കുടുംബജീവിതം, മക്കളുടെ വിദ്യാഭ്യാസം, ജീവിത സൗകര്യങ്ങൾ എന്നിങ്ങനെ എല്ലാ മേഖലകളിലും ലഭ്യമായതിൽ ഏറ്റവും തരംതാണതെന്ന് സമൂഹം വിശ്വസിക്കുന്ന ലഭ്യതകൾകൊണ്ട് തൃപ്തിപ്പെടേണ്ടിവരും. ഇത് ഒരു പരമമായ സത്യമാണെന്നിരിക്കെ ഭക്ഷ്യോൽപ്പാദനത്തിൽ പരം അധമമായ എന്തുതൊഴിലാണ് ഇവിടെയുള്ളത്? മണ്ണും ചളിയും പറ്റാതെ, വെയിലും മഞ്ഞും മഴയും കൊള്ളാതെ, സുഖമായ തൊഴിലും വെളുത്ത ചർമ്മവും ആഗ്രഹിക്കുന്നവർ തന്നെയല്ലേ ബുദ്ധിമാന്മാരും ശ്രേഷ്ഠരും?

കൊയ്ത്തുകഴിഞ്ഞ് ചാക്കുകളിൽ നിറച്ച നെല്ലും കാത്ത് മറ്റൊരുകൂട്ടം ദല്ലാളന്മാർ കാത്തു നിൽക്കുന്നുണ്ടാവും. സകല അടവുകളും ഉപയോഗിച്ച് അവർ ഗതികെട്ടു നിൽക്കുന്ന കർഷകന്റെ ഗതികേടിനെ ചൂഷണം ചെയ്യും. സർക്കാർ 15 രൂപ താങ്ങുവില പ്രഖ്യാപിച്ചിരിക്കുമ്പോൾ നെല്ല് അതിന്റെ പകുതി വിലയ്ക്കുവരെ സംഭരിക്കും. ഇത്തവണ ഇവർ നെല്ലുസംഭരിച്ചത് പരമാവധി 6.50 മുതൽ 9.50 വരെ രൂപയ്ക്കാണ്. സർക്കാരും അതിന്റെ സംവിധാനങ്ങളും വെറും നോക്കുകുത്തികളാകുമ്പോൾ ഒരു കുപ്പിവെള്ളത്തിന് 15 രൂപയും കുട്ടികളുടെ മൂത്രം പിടിച്ചെടുക്കുന്ന ഡയപ്പർ ഒരെണ്ണത്തിന് 10രൂപയും വിലയുള്ള ഈ കാലത്ത് കർഷകൻ ഇനി എങ്ങിനെയാണ് തന്റെ ജീവിതം മുന്നോട്ടു കൊണ്ടുപോകേണ്ടത്?

ആര്, ആർക്കുവേണ്ടി, എന്തിനുവേണ്ടിയാണ് കൃഷിചെയ്യേണ്ടത്? എന്തുകൊണ്ടാണ് കർഷകരെല്ലാം കൃഷി നിർത്തുന്നതിനെക്കുറിച്ചാലോചിക്കുന്നത്? എന്തുകൊണ്ടാണ് യുവാക്കൾ കൃഷിയിലേക്ക് കടന്നുവരാത്തത്? ചോദ്യങ്ങൾ ഒട്ടേറെയുണ്ടെങ്കിലും ഉത്തരങ്ങൾ പലപ്പോഴും സങ്കീർണ്ണങ്ങളാണ്. കൃഷി ഇല്ലാതാക്കുന്നു എന്ന് കരയുന്ന സർക്കാരും, സർക്കാരിതര സംഘടനകളും എല്ലാം അലമുറയിട്ടിട്ടും ഒരു ചെറിയ നേട്ടം പോലും ഭക്ഷ്യോൽപാദനത്തിന്റെ (വിശേഷിച്ച് നെല്ലിന്റെ) കാര്യത്തിൽ കാണാൻ കഴിയാത്തതെന്തുകൊണ്ടാണ്?

**കൃഷി ഇല്ലാതാക്കുന്നു എന്ന് കരയുന്ന സർക്കാരും, സർക്കാരിതര സംഘടകളും എല്ലാം അലമുറയിട്ടിട്ടും ഒരു ചെറിയ നേട്ടം പോലും ഭക്ഷ്യോൽപാദനത്തിന്റെ (വിശേഷിച്ച് നെല്ലിന്റെ) കാര്യത്തിൽ കാണാൻ കഴിയാത്തതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് ഭക്ഷ്യോൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വില കർഷകന് നൽകാൻ കഴിയാത്തത്?**

കൃഷിയും കർഷകനും മാത്രമെ അധമനായുള്ളു. നിർമ്മിച്ച വിഗ്രഹത്തിന്റെ പൂജ കഴിയുമ്പോൾ ആശാരി അസ്പർശനും വിഗ്രഹം ദിവ്യവുമാകുന്നതുപോലെ രണ്ടുനാലുദിനംകൊണ്ട് പത്തുരൂപയിൽ താഴെ സംഭരിച്ച നെല്ല് ഇരുപതുമുതൽ മുപ്പത്തിയഞ്ചു രൂപവരെ എന്ന നിരക്കിൽ അരിയായി വിപണിയിലെത്തും. നാലു മാസത്തെ കഠിനാധ്വാനവും ഒരുപാട് സങ്കീർണ്ണതകളും കൊണ്ട് ഉണ്ടാക്കിയ നെല്ലിന്റെ വിലയും മൂന്നോ നാലോ ദിവസം കൊണ്ട് അതേ നെല്ലുകുത്തി അരിയാക്കി വിൽക്കുമ്പോഴുണ്ടാകുന്ന വിലയും തമ്മിൽ സാമ്പത്തികമായ ഒരു താരതമ്യം എങ്ങിനെയാണ് സാധ്യമാവുക?

ഇനി ഒരു ചെറിയ, അല്ലെങ്കിൽ പാട്ടത്തിനു കൃഷി ചെയ്യുന്ന കൃഷിക്കാരന്റെ കാര്യം നോക്കൂ. ശുദ്ധമായ, വിഷമില്ലാത്ത നെല്ലുണ്ടാക്കിയിട്ട് അവൻ എന്തുചെയ്യും. നെല്ലായിക്കൊടുത്താൽ പരമാവധി കിട്ടുന്ന വില സർക്കാർ നിശ്ചയിച്ച 15 രൂപയാണ്. അത് ജൈവമായാലും അജൈവമായാലും. ഒരു നിശ്ചിത സ്ഥലത്തേക്കു പോകുന്ന ട്രെയിനിലെ എസി, ഫസ്റ്റ്ക്ലാസ്, സ്ളീപ്പർ സെക്കന്റ് ക്ലാസ് എന്നിവയ്ക്കെല്ലാം വെവ്വേറെ റേറ്റ് ഉള്ളതുപോലെ എന്തുകൊണ്ടാണ് ഭക്ഷ്യോൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട വില കർഷകന് നൽകാൻ കഴിയാത്തത്?

ഇനി അരിയാക്കണമെങ്കിലോ, പാലക്കാട്ടെ (ചിലപ്പോൾ ഇന്ത്യയിൽ ഒട്ടാകെയുള്ള) കർഷകൻ നെല്ല് പുഴുങ്ങി കുത്തി അരിയാക്കി അവനവന്റെ വീട്ടിലെങ്കിലും കഴിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ചിട്ട് വർഷങ്ങളേറെയായി. ഇന്ന് നെല്ല് വിറ്റ് അരി വാങ്ങുക എന്ന എളുപ്പ പണിയാണ് എല്ലാവരും നോക്കുന്നത്. നെല്ലു പുഴുങ്ങി അരിയാക്കി കൊടുക്കുന്ന പാലക്കാട്ടെ ചെറിയ മില്ലുകൾ എന്നേ നാമാവശേഷമായിരിക്കുന്നു.

ഇനി അങ്ങിനെ പുഴുങ്ങി കുത്തിക്കൊടുക്കുന്ന മില്ല് കണ്ടുകിട്ടിയാൽ തന്നെ അത് വളരെ ദൂരെയായിരിക്കും. അരിയാക്കാനുള്ള ചിലവ് വർദ്ധിക്കും. മില്ലിന്റെ ഒഴിവെല്ലാം നോക്കി നെല്ലു കുത്തി അരിയാക്കി വരുമ്പോഴേക്കും മാസങ്ങൾ പലതുകഴിഞ്ഞിട്ടുണ്ടാവും. ഇത്രയും നാൾ നെല്ല് സൂക്ഷിക്കുക എന്നതുതന്നെ ഏറെ ശ്രമകരമാണ് പ്രത്യേകിച്ച് പഞ്ഞ മാസത്തിൽ അത്രയും കാലം ജീവിക്കാൻ നീക്കിയിരിപ്പൊന്നുമില്ലാത്ത ഒരു കർഷകൻ എന്തു ചെയ്യും.

അധ്വാനത്തിന്റെ വിലയും, സാമ്പത്തികമായ ബുദ്ധിമുട്ടും എല്ലാം വച്ചു നോക്കുമ്പോൾ, കുറച്ചൊക്കെ പണം കൂടുതൽ കിട്ടുമെങ്കിലും ജൈവകർഷകന് അമിതലാഭം ലഭിക്കുന്നു എന്ന് പറയാൻ ഒരിക്കലും കഴിയില്ല. ഒടുവിൽ ആകെ ബാക്കിയാവുന്നത്, നെൽച്ചെടികൾ വളരുന്നതു കാണുന്നതിന്റെയും പ്രകൃതിയോട് ഏറ്റവും അടുത്തു നിൽക്കുന്നതിന്റെയും സന്തോഷവും സമാധാനവും. ഒരു കർഷകന് ഈ സന്തോഷം മാത്രം കൊണ്ട് എത്ര വിളവെടുക്കാൻ കഴിയും?